# 2

# വെള്ളത്തെ നിർത്തിയത് ആർ?

## (1 രാജാക്കന്മാർ 17:1-15)

നിങ്ങളുടെ വീട്ടിൽ എപ്പോഴെങ്കിലും വെള്ളം നിന്നു പോയിട്ടുണ്ടോ? ഒരുപക്ഷെ പൈപ്പ് ലൈൻ പൊട്ടിയതാകാം. അല്ലെങ്കിൽ വാൾവ് അടച്ച് അറ്റകുറ്റപ്പണി നടത്തുമ്പോഴായിരിക്കാം. ചിലപ്പോൾ ലൈനിൽ ആലം അടഞ്ഞതാകാം അല്ലെങ്കിൽ നിങ്ങളുടെ ഭാര്യ (അല്ലെങ്കിൽ ഭർത്താവ്) ബില്ലടക്കാതിരുന്നതുനിമിത്തം അവർ വെള്ളം നിർത്തിയതാകാം.

അതു നിങ്ങൾക്ക് എപ്പോഴെങ്കിലും സംഭവിച്ചിട്ടുണ്ടെങ്കിൽ, സംശയരഹിതമായി അനവസരത്തിലായിരിക്കും സംഭവിച്ചിരിക്കുക: അതു നിങ്ങൾ മുഖം വടിച്ചു പകുതിയായിരിക്കുമ്പോഴോ, അല്ലെങ്കിൽ ദേഹം ആസകലം സോപ്പു തേച്ചു കുളിച്ചുകൊണ്ടിരിക്കുമ്പോഴോ ആയിരിക്കാം!

അങ്ങനെ നിങ്ങൾക്ക് സംഭവിച്ചാൽ ഉടനെ നിങ്ങളിൽ രണ്ട് ചോദ്യങ്ങൾ ഉയർന്നേക്കാം: (1) ''ആരാണ് ടാപ്പ് അടച്ചത്?'' (2) ''*എന്തുകൊണ്ട്?*''

1 രാജാക്കന്മാർ 17:1-15 ന്റെ സന്ദർഭത്തിൽ, നമുക്ക് ''എന്തുകൊണ്ട്?'' എന്ന ചോദ്യത്തിന് ഊന്നൽ കൊടുക്കാം. കൈകാര്യം ചെയ്യുവാൻ പ്രയാസമുള്ള ഒരു ചോദ്യമാണ് അത്. ''കർത്താവേ, ഇതെന്തുകൊണ്ട് സംഭവിച്ചു?'' ''കർത്താവേ, എന്റെ രക്ഷകർത്താവ് (അല്ലെങ്കിൽ കുട്ടി അതുമല്ലെങ്കിൽ വേണ്ടപ്പെട്ടയാൾ) മരിക്കുവാനിടയായത് എന്തുകൊണ്ട്?'' ''കർത്താവേ, ഞാൻ എന്റെ കഴിവിന്റെ പരമാവധി നിന്നെ സേവിച്ചുകൊണ്ടിരുന്നിട്ടും, എനിക്ക് ഈ ഭയങ്കര കാര്യം സംഭവിച്ചത് എന്തുകൊണ്ട്?'' എന്തുകൊണ്ട്, എന്തുകൊണ്ട്, എന്തുകൊണ്ട്?

''എന്തുകൊണ്ട്?'' എന്ന ചോദ്യം നമ്മെ വിഷമിപ്പിക്കുമ്പോൾ, യെശയ്യാവ് 55:8, 9 ഓർമ്മിക്കുക:

> ''എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങൾ അല്ല; നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല'' എന്നു യഹോവ അരുളിച്ചെയ്യുന്നു. ''ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതുപോലെ, എന്റെ വഴികൾ നിങ്ങളുടെ വഴികളിലും എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു.''

നമ്മുടെ വഴികൾ ദൈവത്തിന്റെ വഴികളല്ല. നാം പഠിക്കേണ്ട പ്രധാനസത്യമാണ് അത്.

അതു നമുക്കുള്ളതല്ല, മറ്റുള്ളവർക്കുള്ളതാണ് എന്ന തോന്നൽ വെച്ചുകൊണ്ടിരിക്കുന്നേടത്തോളം ആ സത്യത്തെ നമുക്ക് ഗ്രഹിക്കുവാൻ സാധ്യമല്ല. ഉപദേശപരമായ കാര്യങ്ങളെ കുറിച്ച് സംസാരിക്കുമ്പോൾ, ചിലർ ''അതത്ര കാര്യമായി എനിക്ക് തോന്നുന്നില്ല.'' നാം ഉടനെ പറയും ''നമ്മുടെ വഴികൾ അല്ല ദൈവത്തിന്റെ വഴികൾ'' ജീവിതത്തിന്റെ അസന്തുലിതമായ അവസ്ഥയെ കുറിച്ച് ഒരു അവിശ്വാസി ചോദിക്കുമ്പോൾ നാം പറയും, ''ഓർമ്മിക്കുക,

നമ്മുടെ വഴികൾ അല്ല ദൈവത്തിന്റെ വഴികൾ.''

എങ്ങനെയായാലും, നാം വിചാരിക്കുന്നതുപോലെ നമ്മുടെ ജീവിതം നീങ്ങുന്നില്ലെങ്കിൽ, നമ്മുടെ വിശ്വാസം വലിച്ച് നീട്ടി പൊട്ടിപ്പോകുന്ന അവസ്ഥയിലെത്തുമ്പോൾ, നാം ഏറ്റവും നന്നായി കാര്യങ്ങളെല്ലാം ചെയ്തിട്ടും എല്ലാം തെറ്റിപ്പോകുന്നു, നമ്മുടെ പ്രിയപ്പെട്ടയാൾ നഷ്ടപ്പെടുമ്പോൾ, ''എന്തുകൊണ്ട്?'' എന്ന് നാം നിലവിളിച്ചു ചോദിക്കും. ''അതിനു കാരണങ്ങൾ തിരയേണ്ടതില്ല. നമ്മുടെ വഴികൾ അല്ല ദൈവത്തിന്റെ വഴികൾ'' എന്ന് ആരെങ്കിലും പറഞ്ഞാൽ അൽപം ആശ്വാസം നമുക്ക് ലഭിച്ചേക്കാം. എല്ലാം നന്മക്കായി വ്യാപരിക്കും എന്നു വിശ്വസിക്കുക. ആ കാര്യം നമുക്ക് സമീപമാകുമ്പോൾ, അതിജീവിക്കുവാൻ നമുക്ക് വിഷമം നേരിടും.

എല്ലാ പ്രശ്നങ്ങൾക്കും നാം ഈ പാഠത്തിൽ പരിഹാരം കാണുകയില്ല, എന്നാൽ 1 രാജാക്കന്മാർ 17:1–15–ൽ നമുക്ക് എല്ലാവർക്കും പഠിക്കുവാൻ ചില പാഠങ്ങളുണ്ട്. ആരാണ് വെള്ളം നിർത്തിയത്? – അത് എന്തുകൊണ്ട്?

## ദൈവം യിസ്രായേലിൽ വെള്ളം നിർത്തിയത് എന്തുകൊണ്ട്? (17:1)

വേദഭാഗത്തിന്റെ ആദ്യം (1 രാജാക്കന്മാർ 17:1), നമുക്ക് ഈ ചോദ്യം ചോദിക്കാം: ''ദൈവം എന്തിനാണ് യിസ്രായേലിൽ വെള്ളം നിർത്തിയത്?''

ആ ചോദ്യത്തിന് ഉത്തരം കണ്ടെത്തുവാൻ, യിസ്രായേലിൽ മുൻപ് സംഭവിച്ചത് നാം അവലോകനം ചെയ്യണം. ആവർത്തനം 7:1–6–ൽ മോശെ ദൈവജനത്തെ മുന്നറിയിച്ചിരുന്നു:

> ''നീ കൈവശമാക്കുവാൻ ചെല്ലുന്ന ദേശത്ത് നിന്നെ കടത്തുകയും, നിന്നേക്കാൾ പെരുപ്പവും ബലവുമുള്ള ജാതികളായ ഏഴു മഹാ ജാതികളെ നിന്റെ മുമ്പിൽനിന്നു നീക്കി കളയുകയും, ... യഹോവ അവരെ നിന്റെ കയ്യിൽ ഏല്പിക്കയും, നീ അവരെ തോൽപിക്കയും ചെയ്യുമ്പോൾ, അവരെ നിർമ്മൂലമാക്കി കളയേണം. അവരോട് ഉടമ്പടി ചെയ്യുകയോ കൃപ കാണിക്കയോ ചെയ്യരുത്. *അവരുമായി വിവാഹസംബന്ധം ചെയ്യരുത്; നിന്റെ പുത്രിമാരെ അവരുടെ പുത്രന്മാർക്കു കൊടുക്കയോ അവരുടെ പുത്രിമാരെ നിന്റെ പുത്രന്മാർ എടുക്കയോ ചെയ്യരുത്. അന്യദൈവങ്ങളെ സേവിപ്പാൻ തക്കവണ്ണം അവർ നിന്റെ പുത്രന്മാരെ എന്നോട് അകറ്റിക്കളയും; യഹോവയുടെ കോപം നിങ്ങൾക്കു വിരോധമായി ജ്വലിച്ചു നിങ്ങളെ വേഗത്തിൽ നശിപ്പിക്കും ...*
>
> ''നിന്റെ ദൈവമായ യഹോവക്ക് നീ ഒരു വിശുദ്ധ ജനമാകുന്നു; ഭൂതലത്തിലുള്ള സകല ജാതികളിലും വെച്ച് നിന്നെ തനിക്ക് സ്വന്തജനമായിരിക്കേണ്ടതിന്നു നിന്റെ ദൈവമായ യഹോവ തിരഞ്ഞെടുത്തിരിക്കുന്നു.'' (എംഫസിസ് മൈൻ.)

എങ്ങനെയായാലും, യിസ്രായേൽ ദൈവത്തിന്റെ മുന്നറിയിപ്പ് ചെവിക്കൊണ്ടില്ല. ആഹാബ് സിംഹാസനത്തിലും, അവന്റെ ഭാര്യ, ഫൊയ്നിക്യക്കാരിയായ രാജ്ഞി ഈസെബേൽ അവന്റെ വശത്തു നിന്നു യിസ്രായേലിൽ ബാലിനെ ആരാധിക്കുന്നതു പരിചയപ്പെടുത്തുകയും, യഹോവയുടെ യാഗപീഠങ്ങളെ ഇടിച്ചുകളയുകയും, യഹോവയുടെ പ്രവാചകന്മാരെ കൊന്നുകൊണ്ടി

രിക്കയുമായിരുന്നു. യിസ്രായേൽ ഓർമ്മിക്കത്തക്ക ആത്മിയമായ വിപത്തു നേരിട്ടുകൊണ്ടിരിക്കയായിരുന്നു. അപ്പോൾ എന്തെങ്കിലും ചെയ്യേണ്ടിയിരുന്നു.

''കർത്താവേ, നീ എന്താണ് ചെയ്യുവാൻ പോകുന്നത്? സ്വർഗത്തിൽനിന്നു തീ ഇറക്കി യിസ്രായേലിനെ തുടച്ചു നീക്കുമോ?'' എന്ന് നാം ചോദിച്ചുപോകും.

ദൈവം പറയും, ''ഇല്ല, അതിനു സമയമായില്ല.''

''ശക്തമായ ഒരു സൈന്യത്തെ അയച്ചു ഉന്മൂല നാശം വരുത്തിയാലോ?''

''ഇപ്പോഴല്ല'' എന്നു ദൈവം പറയും.

''ശക്തരും വിശ്വസ്തരുമായ ഉപദേഷ്ടാക്കന്മാരെയും, പ്രവാചകന്മാരെയും, പുരോഹിതന്മാരെയും അവരുടെ അടുക്കലേക്ക് ബാലിസത്തെ നേരിടുവാനായി അയച്ചാലോ?''

''ഇപ്പോൾ അല്ല.''

''രാജാവിന്റെ ആദരവ് പിടിച്ചു പറ്റുന്ന ഒരു സാംസ്ക്കാരിക നായകനെ അയച്ചു - അവനെ നിന്റെ അടുക്കലേക്ക് തിരിക്കുവാൻ ശ്രമിച്ചാലോ?''

''പാടില്ല'' ദൈവം പറയുന്നു, ''എന്റെ പുരുഷൻ, ഏലിയാവാണ്.''

''ഏലിയാവോ? ഞാൻ അവനെ കുറിച്ച് ഒരിക്കലും കേട്ടിട്ടില്ല. നമുക്ക് അവനെ ഒന്നു നോക്കാം. തീർച്ചയായും, ആ കാട്ടു - ജാതിക്കാരനെ പോലെയുള്ള ആളെയാണോ നീ ഉദ്ദേശിച്ചത്? അവൻ മാസങ്ങളായി മുടി വെട്ടുകയോ താടി വടിക്കയോ ചെയ്യാറില്ല - അവൻ കുളിച്ചിട്ടും നാളുകളായി എന്നു തോന്നുന്നു. അവന്റെ ശബ്ദവും സംസാരവും അത്ര ഇമ്പകരമല്ല, പിന്നെ കർത്താവേ, എന്തുകൊണ്ട് അവൻ?''

ദൈവം മറുപടി പറയുന്നു, ''എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളല്ല; എന്റെ വഴികൾ നിങ്ങളുടെ വഴികളുമല്ല, *ഇവനാണ്* യിസ്രായേലിലെ എന്റെ പുരുഷൻ.''

ആ രംഗമാണ് നമ്മുടെ പഠനത്തിലെ വേദഭാഗം. യിസ്രായേലിലെ ആത്മിയ പ്രശ്നത്തിനു ദൈവം പരിഹാരം കാണും, എന്നാൽ അത് അവന്റെ വഴിയനുസരിച്ചും, അവന്റെ സമയത്തും പദ്ധതിയനുസരിച്ചുമായിരിക്കും.

നാം അവസാനം നിർത്തിയ സ്ഥലത്തുനിന്നു തന്നെ തുടങ്ങാം; ഏലിയാവ് ആഹാബിന്റെ അടുക്കൽ ചെന്നു. ഏലിയാവ് ആഹാബിനോട് പറഞ്ഞു, ''ഞാൻ സേവിച്ചുനിൽക്കുന്ന യിസ്രായേലിന്റെ ദൈവമായ യഹോവയാണ, ഞാൻ പറഞ്ഞിട്ടല്ലാതെ ഈയാണ്ടുകളിൽ മഞ്ഞും മഴയും ഉണ്ടാകയില്ല'' (1 രാജാക്കന്മാർ 17:1).

വെള്ളമില്ലാതെ ദിവസങ്ങൾ കഴിയുന്നതു തന്നെ അസൗകര്യമായിരിക്കും. ആഴ്ച്ചകളോളം വെള്ളമില്ലാതിരിക്കുന്നത് ശല്യം തന്നെയാകും. മാസങ്ങളോളം വെള്ളമില്ലാതിരിക്കുന്നത് ഗുരുതരമായിരിക്കും. എന്നാൽ വർഷങ്ങളോളം മഴയില്ലാതിരിക്കുന്നത് വളരെ അപകടം തന്നെയാണ്! അപ്പോൾ മരണം ഒഴിച്ചുകൂടാത്തതാകും; വെള്ളമില്ലാതെ, ജീവിതം നിലനിൽക്കുകയില്ല. എങ്ങനെയായാലും, അതു ''വർഷങ്ങളോളം'' ആയിരുന്നു. *മൂന്നു വർഷവും-ആറു മാസവും* വരൾച്ച നീണ്ടുപോയി എന്നു പുതിയനിയമത്തിൽ രണ്ടു പ്രാവശ്യം പറഞ്ഞിരിക്കുന്നു (ലൂക്കൊസ് 4:25; യാക്കൊബ് 5:17).

ദൈവം ഒരു വരൾച്ച കൽപിക്കുവാൻ കാരണം എന്തായിരുന്നു? അതിനു ഉത്തരം ലഭിക്കുവാൻ നാം ആദ്യം ബാലിനെ നോക്കേണ്ടതായിട്ടുണ്ട്. വിഗ്രഹാരാധന നടത്തുവാൻ പോകരുത് എന്ന് ദൈവം മുന്നറിയിച്ചിരുന്നത് ആവർത്തനപുസ്തകം 7-ൽ കാണുകയുണ്ടായി. ഇപ്പോൾ അതേ പുസ്തകം അദ്ധ്യായം

11-ൽ ദൈവം മുന്നറിയിപ്പ് ആവർത്തിച്ചു പറയുന്നു:

> ''നിങ്ങളുടെ ഹൃദയത്തിന്നു ഭോഷത്വം പറ്റുകയും നിങ്ങൾ നേർവഴി വിട്ട് അന്യദൈവങ്ങളെ സേവിച്ചു നമസ്ക്കരിക്കയും ചെയ്യാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. *അല്ലാഞ്ഞാൽ യഹോവയുടെ ക്രോധം നിങ്ങളുടെ നേരെ ജ്വലിച്ചിട്ട് മഴ പെയ്യാതിരിക്കേണ്ടതിന് അവൻ ആകാശത്തെ അടെച്ചുകളകയും,* ഭൂമി അനുഭവം തരാതിരിക്കയും യഹോവ നിങ്ങൾക്ക് തരുന്ന നല്ല ദേശത്തുനിന്നു നിങ്ങൾ വേഗം നശിച്ചുപോകയും ചെയ്യും'' (വാക്യങ്ങൾ 16, 17; എംഫസിസ് മൈൻ).

മനുഷ്യർ തങ്ങളുടെ പ്രവൃത്തികളുടെ അനന്തരഫലം അനുഭവിക്കും എന്നതു ഒരു വസ്തുതയാണ്. ''നീ തന്നെയാണ് നിനക്ക് അത് വരുത്തിയത്'' എന്ന പ്രയോഗം നാം കേട്ടിട്ടുണ്ട്. പലപ്പോഴും – എന്നാൽ എല്ലായ്പോഴുമല്ല – പലപ്പോഴും ഉണ്ടാകുന്ന കുഴപ്പങ്ങൾക്ക് നമുക്ക് മറ്റാരെയും പഴിക്കുവാൻ സാധ്യമല്ല, കാരണം നാം തന്നെയാണ് അതിന് ഉത്തരവാദികൾ.

ആ കുഴക്കൽ തീർക്കുവാൻ നമുക്ക് ബൈബിളിന്റെ അവസാനത്തോടടുത്ത് ചെന്നു നോക്കാം. ക്രിസ്ത്യാനികൾക്കുള്ള തന്റെ ലേഖനത്തിൽ യാക്കൊബ്, മറ്റൊരു ഭാഗത്തും നൽകാത്ത ഒരു വിശദീകരണം നൽകുന്നു: ''ഏലിയാവ് നമുക്ക് സമസ്വഭാവമുള്ള മനുഷ്യൻ ആയിരുന്നു. *മഴ പെയ്യാതിരിക്കേണ്ടതിന് അവൻ പ്രാർത്ഥനയിൽ അപേക്ഷിച്ചു.* മൂന്നു സംവൽസരവും ആറു മാസവും ദേശത്ത് മഴ പെയ്തില്ല'' (യാക്കൊബ് 5:17; എംഫസിസ് മൈൻ).

വരൾച്ച പ്രാർത്ഥനക്കുള്ള മറുപടിയായിരുന്നു, ആവർത്തനപുസ്തകം 11:16, 17-ൽ ദൈവം മുന്നറിയിച്ചിരുന്ന ഭീഷണിയായിരുന്നു അത്. പ്രാർത്ഥനയുടെ ശക്തമായ ഒരു മാതൃകയാണ് അത്! മൂന്നര-വർഷക്കാലം ദേശത്തെ സമ്പദ് വ്യവസ്ഥ തന്നെ തകരാറിലായി!

നമ്മുടെ ചോദ്യത്തിലേക്ക് നമുക്ക് മടങ്ങി വരാം. യിസ്രായേലിന് വെള്ളം നിർത്തിയത് എന്തിനാണെന്ന് നാം ദൈവത്തോടു ചോദിക്കുകയാണെങ്കിൽ, അതിനുള്ള മറുപടി, (1) ''കാരണം ആളുകൾ എന്നെ അനുസരിക്കാതിരുന്നതുകൊണ്ട് അവർ ശിക്ഷക്ക് അർഹരായിരുന്നു''; (2) ''എന്റെ ദാസനായിരുന്ന ഏലിയാവ് ഉൽസാഹത്തോടെ പ്രാർത്ഥിച്ചതുകൊണ്ടും നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന ഫലിക്കുമെന്നതുകൊണ്ടും''; അല്ലെങ്കിൽ (3) ''ഞാൻ ദൈവം ആണെന്നു കാണിക്കേണ്ടതിനും, എന്റെ ജനം തെറ്റിപ്പോയെന്നും, അവർ തിരിച്ച് എന്റെ അടുക്കലേക്ക് മടങ്ങി വരേണ്ടതാണെന്നും കാണിക്കേണ്ടതിന്!''

ദൈവത്തിന്റെ വഴികളെ നിങ്ങൾക്കും എനിക്കും പൂർണ്ണമായി മനസിലാക്കുവാൻ സാധ്യമല്ല, അവയെ കുറിച്ച് ചിന്തിച്ചാരായുന്നതു തന്നെ വിസ്മയം ജനിപ്പിക്കും. ഇതു ചിന്തിക്കുക: മൂന്നര-വർഷം വെള്ളം നിർത്തിക്കളയുന്നതല്ലാതെ മറ്റേതൊരു വഴിയിൽ ഒരു ദേശത്തെ മുഴുവൻ ദൈവത്തിന്റെ ശ്രദ്ധയാകർഷിച്ചെടുക്കുവാൻ കഴിയും?

### ദൈവം എന്തിനാണ് കെരീത്തിലെ വെള്ളം നിർത്തിയത്? (17:2-7)

നമ്മുടെ പഠനത്തിന്റെ രണ്ടാം പാദത്തിലേക്ക് നാം കടക്കുമ്പോൾ (17:2–7),

ചോദിച്ചേക്കാം, ''ദൈവം കെരീത്തിലെ വെള്ളം നിർത്തിയത് എന്തിനാണ്?''

നാം വായിക്കുന്നു, ''പിന്നെ അവന്നു യഹോവയുടെ അരുളപ്പാടുണ്ടായ തെന്തെന്നാൽ'' (വാക്യം 2). ഓരോ പടിയിലും അവൻ എന്തു ചെയ്യണമെന്ന് ഏലിയാവിനോട് പറഞ്ഞിരുന്നു. ആഹാബിന്റെ മുൻപിൽ അവൻ നിന്നപ്പോൾ സന്ദേശം ലഭിച്ചിരുന്നുവെങ്കിലും, അടുത്തത് എന്തു ചെയ്യണമെന്ന് അവന് അറിയില്ലായിരുന്നു. അപ്പോൾ ''യഹോവയുടെ അരുളപ്പാട് അവന്നുണ്ടായി'' പിന്നെ അവൻ കെരീത്തു തോട്ടിനരികിലേക്ക് പോയി, അവിടെ അവൻ ഒരു വർഷത്തോളം കഴിഞ്ഞു. ആ സമയത്തിന്റെ അവസാനം അവന്നു യഹോവ യുടെ അരുളപ്പാടുണ്ടായി (വാക്യം 8), അവൻ സാരെഫാത്തിലേക്ക് പോയി. മൂന്നര-വർഷ കാലയളവിനു ശേഷം നാം വീണ്ടും വായിക്കുന്നു, ''ഏറിയ നാൾ കഴിഞ്ഞിട്ട്, മൂന്നാം സംവൽസരം ഏലിയാവിന്ന് യഹോവയുടെ അരു ളപ്പാടുണ്ടായി'' (1 രാജാക്കന്മാർ 18:1).

അങ്ങനെയുള്ള അടിസ്ഥാനത്തിൽ പ്രവർത്തിക്കുവാൻ എനിക്ക് താൽപ ര്യമില്ല. നിങ്ങൾക്ക് ഉണ്ടോ? എനിക്ക് ഇഷ്ടം പദ്ധതി തയ്യാറാക്കുവാനാണ്. കാര്യങ്ങൾ നടന്നുകാണുവാനാണ് എനിക്ക് ഇഷ്ടം. ഞാൻ ഇഷ്ടപ്പെടുന്നത് ആരംഭം മുതൽ അവസാനം വരെ നന്നായി കാണുവാനാണ്. എങ്ങനെയാ യാലും, ജീവിതത്തിൽ എപ്പോഴും കാര്യങ്ങൾ അങ്ങനെയായിരിക്കുകയില്ല. ചിലപ്പോൾ, ഒരു ദിവസം, ഒരു സമയത്ത് ഒരു പടി എന്ന നിലയിലായിരിക്കും.

ഉപയോഗിക്കുവാൻ പറ്റുന്ന ദൈവ പുരുഷനായിരുന്നു ഏലിയാവ്, കാ രണം അവൻ എല്ലാം അറിയുവാനും മനസിലാക്കുവാനും ശഠിച്ചിരുന്നില്ല. ഒരു സമയത്ത് ഒരു പടി എന്ന നിലയിൽ പ്രവർത്തിക്കുവാൻ അവനു കഴിഞ്ഞു. (''ആ വഴിയാണ് നിങ്ങൾ ആഗ്രഹിക്കുന്നതെങ്കിൽ, കർത്താവ്, എനിക്ക് അതിൽ ഒരു കുഴപ്പവുമില്ല എന്നു പറയും.'')

വാക്യം 2 ലേക്ക് നാം മടങ്ങുമ്പോൾ, രണ്ടാമത്തെ പടി കയറുവാൻ നാം തയ്യാറായിരിക്കുന്നു.

രണ്ടാമത്തെ പടി എന്തായിരിക്കുമെന്നാണ് നിങ്ങൾ ഊഹിക്കുന്നത്? ഏലിയാവിന്റെ സാഹചര്യം ഊഹിക്കുക. രാജാവിനോട് പ്രഖ്യാപനം നടത്തി കഴിഞ്ഞു. ഇനി എന്താണ്? ദേശിയ ടെലവിഷൻ മാദ്ധ്യമത്തെ വിളിച്ച് ഒരു പത്ര സമ്മേളനം നടത്തുമോ? അല്ലെങ്കിൽ എല്ലാ വർത്തമാന പത്രങ്ങളിലും മാസികകളിലും വാർത്താമാദ്ധ്യമങ്ങളിലെല്ലാം അതു പ്രസിദ്ധീകരിക്കുമോ? അല്ലെങ്കിൽ അതിനു തുല്യമായി ബി, സി സ്വീകരിക്കുമോ: വീഥികളിലും ഗ്രാമ ങ്ങളിലും പോയി ദൈവത്തിന്റെ ഈ സന്ദേശം അറിയിക്കുമോ? (ശിക്ഷ-വിധി ക്കുന്ന ആ സന്ദേശം യോനാ പിന്നീട് ചെയ്തതുപോലെ അവനു ചെയ്യുവാൻ കഴിയുമായിരുന്നു, ''മാനസാന്തരപ്പെടുക!'') അത് യുക്തമാണെന്നു തോന്നു ന്നു. എങ്ങനെയായാലും, വീണ്ടും ദൈവം പറയുന്നു, ''എന്റെ വഴികൾ നി ന്റെ വഴികൾ അല്ല.''

എന്താണ് അവന്റെ രണ്ടാമത്തെ പടി? വാക്യങ്ങൾ 3 ഉം 4 ഉം ശ്രദ്ധിക്കുക:

> ''നീ ഇവിടെ നിന്നു പറപ്പെട്ടു കിഴക്കോട്ടു ചെന്നു യോർദ്ദാന്നു കിഴക്ക് കെരിത്തു തോട്ടിനരികെ ഒളിച്ചിരിക്ക. തോട്ടിൽനിന്നു നീ കുടിച്ചുകൊ ള്ളേണം. അവിടെ നിനക്ക് ഭക്ഷണം തരേണ്ടതിന്നു ഞാൻ കാക്കയോട് കൽപിച്ചിരിക്കുന്നു.''[1]

ഞാൻ ഏലിയാവിന്റെ സ്ഥാനത്തായിരുന്നുവെങ്കിൽ, എങ്ങനെ പ്രതികരിച്ചേക്കാമെന്ന് എനിക്ക് അറിയാം. ''ഞാൻ നിന്നെ ഇപ്പോഴത്തെ അവസ്ഥയിൽനിന്നു പ്രകൃതിയുടെ മറ്റൊരു പ്രദേശത്തേക്ക് മാറ്റുവാൻ പോകുന്നു, നിന്നെ ഞാൻ ഒരു സ്ഥലത്ത് ഒളിപ്പിക്കുവാൻ പോകുന്നു'' എന്ന് ദൈവം എന്നോട് പറഞ്ഞാൽ എന്റെ പ്രതികരണത്തെ കുറിച്ച് ഊഹിക്കാം.

മറുപടിയായി, ''ഓ എവിടെയാണ്, ഒരു വീട്ടിലാണോ? കൂടാരത്തിലാണോ? എവിടെ?''

''എന്റെ മനസിൽ ഒരു *തോടുണ്ടാ*യിരുന്നു.''

''ഒരു തോടോ? ... അത്തരം അവസ്ഥ എനിക്കു മുൻപ് ഉണ്ടായിട്ടുണ്ട്. അതു കുഴപ്പമില്ല.''

''നിനക്ക് തോട്ടിലെ വെള്ളം കുടിക്കാം.''

''അതു കേൾക്കുമ്പോൾ കുഴപ്പമില്ല. എന്നാൽ ഭക്ഷണമോ? ഞാൻ കരയിൽനിന്നും അകലെ താമസിക്കണോ?''

''ഇല്ല, നിനക്ക് ഒരു പാചകക്കാരനുണ്ട്.''

''പാചകക്കാരനോ? ശമര്യയിലെ ഹിയാന്റ്-ഹിൽട്ടണിലോ?''[2]

''അല്ല, കാക്കകൾ. നിനക്ക് രാവിലെയും വൈകുന്നേരവും കാക്കകൾ അപ്പവും ഇറച്ചിയും കൊണ്ടുവരും.''

''കാക്കയോ? വൃത്തികെട്ട കാക്കയോ? മോശെയുടെ ന്യായപ്രമാണത്തിൽ ആ പക്ഷികൾ അശുദ്ധമായിരുന്നില്ലേ? *അവയുടെ* വൃത്തികെട്ട കൊക്കിലും, അഴുക്കുപുരണ്ട കാലുകളിലും വെച്ചാണോ എനിക്ക് ഭക്ഷണം കൊണ്ടുവരുന്നത്?''

''അതു തന്നെ.'' എന്നു ദൈവം പറയുന്നു.

അത്തരത്തിലാണോ യിസ്രായേലിലെ ദൈവ പുരുഷനെ നിങ്ങളും ഞാനും കരുതുക? തീർച്ചയായും ആയിരിക്കയില്ല. എന്നാൽ നമ്മുടെ വഴികളല്ല ദൈവത്തിന്റെ വഴികൾ.

മറ്റെല്ലാവരെയും പോലെ, യിസ്രായേലിലെ ദൈവപുരുഷനും സംരക്ഷണവും ദാനവും ആവശ്യമായിരുന്നു, എന്നാൽ നാം വിചാരിക്കുന്നതുപോലെ ആയിരിക്കുകയില്ല അവൻ ചെയ്യുന്നത്. നിങ്ങൾ വിശ്വസ്തനായ ഒരു ദൈവപൈതലാണെങ്കിൽ, തന്റെ കരുണാധിക്യപ്രകാരം ദൈവം നിങ്ങളെ സംരക്ഷിക്കുകയും ആവശ്യമുള്ളത് നൽകുകയും ചെയ്യും, എന്നാൽ ആ അനുഗ്രഹങ്ങൾ വരുന്നതു അറിയാത്ത അപ്രധാന ഉറവിടങ്ങളിൽനിന്നും അഴുക്കുള്ള പക്ഷികളിൽനിന്നും ആയിരിക്കും.

ഇപ്പോൾ വാക്യം 5 ന്റെ ആദ്യഭാഗം ശ്രദ്ധിക്കുക: ''അങ്ങനെ അവൻ പോയി യഹോവയുടെ വചനപ്രകാരം ചെയ്തു'' അതു മനോഹരമല്ലേ? ദൈവം സംസാരിച്ചപ്പോൾ, ഏലിയാവ് ദൈവം പറഞ്ഞതുപോലെ ചെയ്തു. ലോകത്തിന് ഇന്ന് ആ പാഠം എത്ര അനിവാര്യമാണ്! ദൈവം സംസാരിച്ചാൽ, അവന്റെ വാക്കുകൾ അന്തിമമാണ്. അതിന്റെ അർത്ഥം എനിക്ക് മനസിലായോ ഇല്ലയോ എന്നത് അപ്രസക്തമാണ്. ദൈവം പറഞ്ഞു എന്നതിനാണ് പ്രാധാന്യം. എനിക്ക് അതു മാത്രം മതി. ഞാൻ അങ്ങനെ തന്നെ ചെയ്യും!

> അങ്ങനെ അവൻ പോയി യഹോവയുടെ കൽപനപ്രകാരം ചെയ്തു. അവൻ ചെന്നു യോർദ്ദാന്നു കിഴക്കുള്ള കെരീത്തു തോട്ടിനരികെ പാർത്തു. കാക്ക വന്നു രാവിലെ അപ്പവും ഇറച്ചിയും വൈകുന്നേരം

> അപ്പവും ഇറച്ചിയും കൊണ്ടുവന്നു കൊടുക്കും. തോട്ടിൽനിന്നു അവൻ കുടിക്കും (വാക്യങ്ങൾ 5, 6).

കെരീത്ത് കൃത്യമായി എവിടെയായിരുന്നു എന്ന് നമുക്ക് അറിയില്ല, ഏലിയാവ് പൊതുവിൽ വളർന്ന സ്ഥലം, ''യോർദ്ദാന്റെ കിഴക്ക്''[3] ആയിരുന്നു എന്നു മാത്രം നമുക്ക് അറിയാം.

ഒരു നിമിഷം എടുത്ത് ആ കാഴ്ച്ച നിങ്ങളുടെ മനസിലേക്ക് കൊണ്ടുവരിക. ഒരുപക്ഷെ അൽപം ദൂരെ നിന്നാൽ കാണാൻ പന്ധാത്ത മലയിടുക്കിലായിരിക്കാം ആ തോട്, അതിൽനിന്നു ഒഴുകി തോടായി മാറിയതാകാം. ആ തോടിന്റെ ഇരുകരയിലും പുല്ലുകളും, പൊന്തക്കാടും പടർന്നു നിൽക്കുന്ന വൃക്ഷങ്ങളും കണ്ടേക്കാം. കൂടാതെ അതിനരികിൽ തീർച്ചയായും ചെറിയ മൃഗങ്ങളുടെ കാൽപാടുകളും കാണാനിടയുണ്ട്.

ഏലിയാവ് പോയി കെരീത്തു തോട്ടിനരികെ താമസിച്ചു എന്നാണ് വേദഭാഗം പറയുന്നത്. നീണ്ട ദിവസങ്ങൾ അവൻ പാർത്തു. അനേക മാസങ്ങളോളം അതായിരുന്നു അവന്റെ വീട്.

''കെരീത്തു'' എന്നതിനർത്ഥം ''ഛേദിക്കൽ'' അല്ലെങ്കിൽ ''വേർപെട്ടിരിക്കൽ'' എന്നാണ്. നമ്മുടെ സംഭവത്തിൽ അതു യോജിക്കുന്നതുമാണ്, കാരണം ഏലിയാവ് എല്ലാവരിൽനിന്നും അനേകം ദിവസങ്ങൾ ''ഛേദിക്കപ്പെട്ടു'' അല്ലെങ്കിൽ ''വേർപെട്ടിരുന്നു.'' – വേനലിന്റെ ചൂടിലും, ശൈത്യത്തിന്റെ കൊടും തണുപ്പിലും, സുഖകരമായ വസന്തത്തിലും അവൻ അവിടെ കഴിഞ്ഞു. മലയിടുക്ക് ആയിരുന്നു അവന്റെ വീടിന്റെ മതിലുകൾ, ആകാശം മച്ചും, പുല്ലുകൾ അവന്റെ മെത്തയുമായിരുന്നു, മേലങ്കി അവന്നു പുതപ്പുമായിരുന്നു.

ഏലിയാവ് എത്ര നാൾ അവിടെ അങ്ങനെ കഴിഞ്ഞു എന്ന് നമുക്ക് അറിയില്ല. ആകെ അവൻ മൂന്നര-വർഷം ഒളിച്ചു പാർത്തു. രണ്ട് വർഷത്തിലധികം അവൻ സാരെഫാത്തിൽ പാർത്തിരുന്നു എന്ന സൂചന നമുക്ക് 1 രാജാക്കന്മാർ 18:1 നൽകുന്നു. അങ്ങനെയെങ്കിൽ, അവൻ കെരീത്തിൽ ഒരു വർഷത്തിലധികം താമസിച്ചിരിക്കാം.

അതിനെ കുറിച്ച് ഒന്നു നിന്നു ചിന്തിക്കുക. അവിടെ പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു മനുഷ്യനെ പ്രവർത്തനരഹിതനാക്കി. അതു പ്രയാസമുള്ള കാര്യമാണെന്നു നിങ്ങൾക്ക് അറിയില്ലേ? അതു നമുക്ക് വിഷമകരമാണ്. ഒന്നോ രണ്ടോ വർഷം ജോലിയിൽനിന്നു മാറി നിന്നാലോ എന്നു നാം വിചാരിച്ചേക്കാം, പക്ഷെ ഒന്നും ചെയ്യുവാനില്ലാതെ ഏതാനും ദിവസങ്ങൾ പിന്നിടുമ്പോൾ തന്നെ, നാം അസ്വസ്ഥരാകും, പെട്ടെന്ന് ജോലിയിൽ പ്രവേശിച്ചാൽ മതിയെന്നാകും. ഒന്നോ രണ്ടോ മാസം സുഖമായി കിടക്കയിൽ കിടന്നിരുന്നുവെങ്കിൽ എന്ന് നാം ആശിച്ചുപോകും, പക്ഷെ രോഗം ബാധിച്ച് നാം കിടക്കുവാൻ നിർബ്ബന്ധിതരായാൽ, ഏതാനും ദിവസങ്ങൾ കഴിയുമ്പോൾ തന്നെ ഒന്നെഴുന്നേന്ധാൽ മതി എന്നു തോന്നും. നാം ''പ്രവർത്തിക്കുന്ന'' ആളുകളാണ്. പ്രവർത്തിക്കാതിരിക്കുന്നത് നമുക്ക് ഇഷ്ടമല്ല. ചിലപ്പോൾ, എങ്ങനെയായാലും, രോഗം വരുമ്പോഴോ, ജോലിയിൽനിന്നു വിരമിക്കുമ്പോഴോ, അല്ലെങ്കിൽ ജോലി നഷ്ടപ്പെടുമ്പോഴോ നാം പ്രവർത്തിക്കാതിരിക്കുവാൻ നിർബ്ബന്ധിതരാകും. എന്നാൽ നമ്മുടെ വഴികൾ അല്ല ദൈവത്തിന്റെ വഴികൾ. നാം നൽകുന്നതുപോലെയല്ല ദൈവം നൽകുന്നത്. നമ്മുടെ കാര്യപരിപാടികളല്ല ദൈവത്തിന്റെ കാര്യപരിപാടികൾ.

ചിലപ്പോൾ തോട്ടിനരികിൽ താമസിക്കുന്നതും, പ്രവർത്തിക്കാതിരിക്കുന്നതും - ഛേദിക്കപ്പെട്ട്, വേർപെട്ടിരിക്കുന്നതും ദൈവേഷ്ടമായിരിക്കും. അത് എളുപ്പമല്ല; പക്ഷെ അത് ദൈവേഷ്ടമാണെങ്കിൽ നമ്മുടെ നന്മക്കായിരിക്കും. അത് സ്വീകരിക്കുവാനും, ആ അനുഭവത്തിൽ ആശ്വാസം കണ്ടെത്തുവാനും നാം ശീലിക്കണം.

കെരീത്തു തോട്ടിലെ അവന്റെ ജീവിതത്തെ കൂടുതലായി അറിഞ്ഞിരുന്നുവെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കുന്നു. ആ ദിവസങ്ങളും, ആഴ്ച്ചകളും, മാസങ്ങളും അവൻ ദൈവത്തെ കുറിച്ചു ചിന്തിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തതിനാൽ ആത്മിയമായി കൂടുതൽ വളർന്നിരിക്കാമെന്നാണ് ഞാൻ ഊഹിക്കുന്നത്. എങ്ങനെയായാലും അതിനെ കുറിച്ച് ബൈബിൾ വിശദമാക്കുന്നില്ല. ഏലിയാവ് ദൈവസന്നിധിയിൽ നിൽക്കുകയും (വാക്യം 1), ദൈവം അവനോട് ചെയ്യുവാൻ പറഞ്ഞതു ചെയ്യുകയും ചെയ്തു എന്നു മാത്രമെ പറയുന്നുള്ളു (വാക്യം 5).

സംഭവത്തിന്റെ മുഖ്യഭാഗത്തേക്കാണ് നാം ഇനി വരുന്നത്. ദൈവം അവനോട് പറഞ്ഞ സ്ഥാനത്ത് അവൻ പോയി, ദൈവം അവനോട് പറഞ്ഞത് ചെയ്തു ... *വെള്ളം നിൽക്കുകയും ചെയ്തു.* ''എന്നാൽ ദേശത്ത് മഴ പെയ്യായ്കയാൽ കുറെ ദിവസം കഴിഞ്ഞ് തോട് വറ്റിപ്പോയി'' (വാക്യം 7).

നിങ്ങൾക്ക് അതു കാണുവാൻ കഴിയുന്നുണ്ടോ? തോട് ഒരു രാത്രികൊണ്ട് വറ്റിപ്പോകയില്ല. ഒരുപക്ഷെ അതിന് ദിവസങ്ങളും ആഴ്ച്ചകളും എടുത്തുകാണും. ഒരു ദിവസം തോട്ടിൽനിന്നു ഏലിയാവ് വെള്ളം കുടിക്കുവാൻ ചെന്നപ്പോൾ, വെള്ളം കാണാതിരുന്നപ്പോൾ എന്തോ കുഴപ്പം സംഭവിച്ചു എന്ന് അവനു തോന്നിക്കാണും. അടുത്ത ദിവസം അവൻ വിചാരിച്ചു, ''അത് ഞാൻ ഊഹിക്കുന്നതാകാം, തോട് അത്ര ആഴമില്ലാത്തതാണെന്ന് എനിക്ക് തോന്നിയതാകാം കാരണം.'' പിന്നെ ദിവസം ''തന്റെ ഊഹമല്ല അത്, വാസ്തവത്തിൽ തോട് വറ്റിപ്പോകുന്നു, ഈ തോട് വാസ്തവത്തിൽ വറ്റിയിരിക്കുന്നു!'' എന്ന് അവൻ വിചാരിച്ചു.

ഏലിയാവ് ഓരോ ദിവസവും തോട് നോക്കിയപ്പോൾ, വറ്റിക്കൊണ്ടുവരുന്നു, അവസാനം ചേറു കാണുമാറായി, ചെറിയ മൃഗങ്ങളും പക്ഷികളും അപ്രത്യക്ഷമായി, ചെറിയ മൽസ്യങ്ങളും ചത്തു തുടങ്ങി, അവിടവിടെയായി ഏതാനും തുള്ളി വെള്ളം മാത്രം അവശേഷിച്ചു.

അപ്പോഴെല്ലാം ഇനിയെന്ത് എന്ന് ഏലിയാവിന് അറിയില്ലായിരുന്നു! അത് നിങ്ങളുടെ മനസിൽ അടിവരയിടുക. തോട് മുഴുവൻ വറ്റുന്നതുവരെ മൂന്നാമത്തെ പടി അവന്നു വെളിപ്പെട്ടിട്ടില്ലായിരുന്നു. വാക്യം 8 ശ്രദ്ധിക്കുക: ''അപ്പോൾ അവന്നു യഹോവയുടെ അരുളപ്പാടുണ്ടായി.''

വിശ്വാസത്തിൽ എന്തൊരു പരീക്ഷണം! ''ഒന്നുക്ക് നിൽക്കുക'' എന്നതായിരുന്നു ഏലിയാവിന്റെ ആദ്യ പരീക്ഷണം. അതു പ്രയാസമുള്ളതായിരുന്നു. അർത്ഥം മനസിലാകാതിരുന്നിട്ടും, ''ചോദ്യം ചെയ്യാതെ ദൈവത്തെ അനുസരിക്കുക എന്നതായിരുന്നു'' അവന്റെ രണ്ടാമത്തെ പരീക്ഷണം. അതു കൂടുതൽ ബുദ്ധിമുട്ടുള്ളതായിരുന്നു. അവയേക്കാൾ കൂടുതൽ ബുദ്ധിമുട്ടുള്ളതായിരുന്നു അവന്റെ മൂന്നാമത്തെ പരീക്ഷണം: അവൻ ആയിരിക്കണമെന്ന് ദൈവം ആഗ്രഹിച്ച സ്ഥാനത്തേക്ക് അവൻ പോയി, ദൈവം പറഞ്ഞതെല്ലാം ഏറ്റവും നല്ലരീതിയിൽ ചെയ്തു - അപ്പോൾ അവൻ കുടിച്ചുകൊണ്ടിരുന്ന തോട് വറ്റിപ്പോയി!

നിങ്ങൾ അവിടെ ഉണ്ടായിരുന്നു. നിങ്ങൾ അങ്ങനെയായിരുന്നു എന്ന് എനിക്ക് അറിയാം. ഒരിക്കൽ നിങ്ങൾക്ക് വേണ്ടത്ര പണം ഉണ്ടായിരുന്നു - എന്നാൽ ക്രമേണ നിങ്ങളുടെ തോട് വററിപ്പോയി. ഒരിക്കൽ നിങ്ങളുടെ ബിസിനസ് വിജയകരമായി നടന്നിരുന്നു, പക്ഷെ ക്രമേണ നിങ്ങളുടെ തോട് വററിപ്പോയി. ഒരിക്കൽ നിങ്ങൾക്ക് ആരോഗ്യമുള്ള ശരീരവും മനസും ഉണ്ടായിരുന്നു, എന്നാൽ പിന്നീട് നിങ്ങളുടെ തോട് വററിപ്പോയി. ഒരിക്കൽ നിങ്ങളുടെ താലന്തുകൾ നന്നായി ഉപയോഗിച്ച് കർത്തൃസേവയിൽ എരിവുള്ള ആളായിരുന്നു, എന്നാൽ പിന്നീട് നിങ്ങളുടെ തോട് വററിപ്പോയി. ഒരിക്കൽ നിങ്ങൾക്ക് ധാരാളം സ്നേഹിതന്മാരുണ്ടായിരുന്നു, അവർ നിങ്ങളെ വിട്ട് മാറിപ്പോകയോ, നിങ്ങൾ അവരെ വിട്ട് ദൂരെ പോകയോ ചെയ്തിരിക്കാം, നിങ്ങളുടെ തോട് വററിപ്പോയി. ഒരിക്കൽ നിങ്ങൾക്ക് നല്ല വിവാഹജീവിതം നയിക്കുവാൻ കഴിഞ്ഞു - പക്ഷെ നിങ്ങളുടെ തോട് വററിപ്പോയി. നിങ്ങൾ നിങ്ങളുടെ മക്കളെ കഴിവിന്റെ പരമാവധി കർത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും വളർത്തി - എന്നാൽ നിങ്ങളുടെ തോട് വററിപ്പോയി.

ഏലിയാവ് അങ്ങനെയൊന്നും ചെയ്തില്ല, എന്നാൽ അവന്റെ നിലവിളി നമുക്ക് ഊഹിക്കാം, ''കർത്താവേ, നീ എന്തിനാണ് കെരീത്തു തോട്ടിലെ വെള്ളം വററിച്ചത്?'' അതിനുള്ള ആദ്യമറുപടി അതിശയിപ്പിക്കുന്നതാകാം: ''ഏലിയാവേ, നീ പ്രാർത്ഥിച്ചതുകൊണ്ടാണ് ഞാൻ അങ്ങനെ ചെയ്തത്.'' വേദഭാഗം ശ്രദ്ധിക്കുക: ''*ദേശത്ത് മഴ പെയ്യായ്കയാൽ*, തോട് വററിപ്പോയി'' ദേശത്ത് മഴ പെയ്യാതിരുന്നതെന്തുകൊണ്ടാണ്? ഏലിയാവ് പ്രാർത്ഥിച്ചതുകൊണ്ടാണ് (യാക്കൊബ് 5:17).

ചിലപ്പോൾ, എല്ലായ്പോഴുമല്ല, നാം പ്രതീക്ഷിക്കാത്ത വിധത്തിൽ ദൈവം നമ്മുടെ പ്രാർത്ഥനക്കു മറുപടി നൽകുന്നതുകൊണ്ടാണ് ചില കാര്യങ്ങൾ സംഭവിക്കുന്നത്. ''ദൈവമേ എനിക്ക് ക്ഷമ തരേണമേ, എന്നാൽ അതിനു ദീർഘിപ്പിക്കരുതേ.'' അല്ലെങ്കിൽ: ''എനിക്ക് വിശ്വാസം തരേണമേ, പക്ഷെ ബൈബിൾ പഠിക്കുവാൻ എന്നെ നിർബ്ബന്ധിക്കരുതേ.'' അല്ലെങ്കിൽ: ''ദൈവമേ, എനിക്ക് ശക്തി തരേണമേ, എന്നാൽ എന്നെ കഷ്ടപ്പെടുത്തരുതേ.'' നാം വിചാരിക്കുന്നതുപോലെ ആയിരിക്കയില്ല പലപ്പോഴും നടക്കുന്നത്. നമ്മുടെ വഴികളല്ല ദൈവത്തിന്റെ വഴികൾ.

എങ്ങനയായാലും, ദൈവം ഏലിയാവിനു നൽകിയ പൂർണ്ണമായ ഉത്തരം ഇങ്ങനെയാവാം: ''വെള്ളം നിർത്തിയത് എന്റെ മൊത്തത്തിനുള്ള പദ്ധതിയുടെ അടുത്ത പടിക്കുവേണ്ടിയാണ്. വിഷമിക്കരുത്, എന്നിൽ ആശ്രയിക്കുക. അതെല്ലാം ഞാൻ ശരിയാക്കും.''

## ദൈവം എന്തിനാണ് സാരെഫാത്തിലെ വെള്ളം നിർത്തിയത്? (17:8-16)

ഇത് നമ്മെ നമ്മുടെ വേദഭാഗത്തിലെ മൂന്നാമത്തെ ഭാഗത്തേക്ക് കൊണ്ടുവരുന്നു (1 രാജാക്കന്മാർ 17:8–16), അവിടെ ''ദൈവം എന്തിനാണ് സാരെഫാത്തിലെ വെള്ളം നിർത്തിയത്?'' എന്നു നാം ചോദിച്ചുപോകും.

> അപ്പോൾ അവന്നു യഹോവയുടെ അരുളപ്പാടുണ്ടായതെന്തെന്നാൽ, ''നീ എഴുന്നേറ്റു സീദോനോട് ചേർന്ന സാരെഫാത്തിലേക്ക് ചെന്ന് അവിടെ പാർക്ക; നിന്നെ പുലർത്തേണ്ടതിന്നു അവിടെയുള്ള ഒരു വിധ

വയോടു ഞാൻ കൽപിച്ചിരിക്കുന്നു'' (വാക്യങ്ങൾ 8, 9).

ഇത്തവണ കർത്താവിന്റെ സംഭാഷണത്തെ ഞാൻ സങ്കൽപിക്കുവാൻ പോകുന്നില്ല. മറിച്ച്, ഏലിയാവിന്റെ സ്ഥാനത്ത് നിങ്ങളായിരുന്നുവെങ്കിൽ, ഏതു തരം സംഭാഷണമായിരിക്കും നിങ്ങൾ നടത്തുക എന്നു നിങ്ങൾ തന്നെ ഊഹിക്കുക. ഈ വസ്തുതകൾ മനസിൽ വെക്കുക:

(1) അപ്പോഴും ഏലിയാവ് രാജാവിന്റെ അടുക്കലേക്കു മടങ്ങി പോകുവാനോ പ്രസംഗിക്കുവാനോ ആഗ്രഹിച്ചില്ല. ഏലിയാവിനോട് സ്ഥലം മാറുവാൻ മാത്രമാണ് പറഞ്ഞത്. (2) വരൾച്ച-ബാധിച്ച പ്രദേശത്തുനിന്നു കൂടുതൽ കിഴക്കോട്ടു പോകുവാനുമല്ല ദൈവം ആഗ്രഹിച്ചത്. (3) ഫൊയ്നികൃയിലെ ഒരു ചെറിയ കടൽ-ത്തീര പ്രദേശത്തേക്ക് പോകുവാനാണ് താൽപര്യപ്പെട്ടത്, അത് യിസ്രായേലിന് നേരെ വടക്കായിരുന്നു. ആ പ്രദേശത്തുകാരിയായിരുന്നു ഈസെബേൽ! (4) ധനവാനായ ഒരു മനുഷ്യന്റെ വീട്ടിൽ ഏലിയാവ് സുഖമായി കഴിയുവാനായിരുന്നില്ല ദൈവത്തിന്റെ പദ്ധതി. എളിമയിൽ ജീവിച്ച ഒരു സാധുവായ വിധവയുടെ വീട്ടിൽ ഏലിയാവ് താമസിക്കുവാനായിരുന്നു ദൈവത്തിന്റെ അരുളപ്പാട്.

അതെല്ലാം കാണുമ്പോൾ, നിങ്ങൾ ''എന്തുകൊണ്ട്?'' എന്ന് ചോദിക്കുവാൻ സാധ്യതയുണ്ട്. അങ്ങനെയെങ്കിൽ, അതിനു മുമ്പത്തെ ഉത്തരമുണ്ട്: ''എന്റെ വഴികൾ നിങ്ങളുടെ വഴികൾ അല്ല!''

ഈ പുതിയ നിർദ്ദേശങ്ങളോട് ഏലിയാവ് എങ്ങനെയായിരിക്കും പ്രതികരിച്ചിരിക്കുക? അവന്റെ മനസിൽ എന്തെല്ലാം ചോദ്യങ്ങൾ ഉയർന്നു വന്നാലും, അവൻ ദൈവം പറഞ്ഞതുപോലെ ചെയ്തു: ''അങ്ങനെ അവൻ എഴുന്നേന്നു സാരെഫാത്തിലേക്കു പോയി'' (വാക്യം 10).

''അങ്ങനെ അവൻ എഴുന്നേന്നു സാരെഫാത്തിലേക്ക് പോയി'' എന്ന പ്രയോഗത്തിൽ എന്തെല്ലാം അടങ്ങിയിരിക്കുന്നു! ഏലിയാവിന് അത് ദിവസങ്ങൾ നീണ്ട യാത്രയായിരുന്നേക്കാം. എല്ലാവരാലും വെറുക്കപ്പെട്ട്, എല്ലാവരും വേട്ടയാടിക്കൊണ്ടിരുന്നതിനാൽ ഏറ്റവും ഭയപ്പെട്ടിരുന്ന പ്രദേശങ്ങളിൽകൂടെയായിരുന്നു യാത്ര, അവിടെ അവനെ എളുപ്പത്തിൽ തിരിച്ചറിയുവാനും സാധ്യതയുണ്ട്. വെള്ളമില്ലാത്ത സാഹചര്യവുമായിരുന്നു എന്നോർക്കുക; പകലിൽ സൂര്യന്റെ അത്യുഷ്ണം; ഭൂമിയിൽ നിന്നാണെങ്കിൽ, ചൂടുകൊണ്ട് പൊള്ളലേൽക്കുന്നു. ഓരോ കാൽപാദം എടുത്തു വെക്കുമ്പോഴും പൊടിയുയരും. അവൻ നടന്നു പോകുമ്പോൾ ചത്തുണങ്ങിയ മൃഗങ്ങളുടെ ഭാഗങ്ങൾ കാണാം. ആ യാത്രയിൽ അവൻ ഏതെങ്കിലും വീടിനടുത്തുകൂടെ പോയിരുന്നുവെങ്കിൽ, വിശന്നുവലഞ്ഞ കുട്ടികൾ അവനെ കണ്ടിരുന്നുവെങ്കിൽ, തീർച്ചയായും അവർ അവനെ വേട്ടയാടുമായിരുന്നു. അവയെല്ലാം ഉൾപ്പെടുന്നതായിരുന്നു ''അങ്ങനെ അവൻ എഴുന്നേറ്റ് സാരെഫാത്തിലേക്ക് പോയി'' എന്ന പ്രയോഗത്തിൽ അടങ്ങിയിരുന്നത്.

അവസാനം ആ കഠിനയാത്ര തീർന്നു, അവൻ സാരെഫാത്തിലെത്തി. ഏലിയാവ് അവിടെയെത്തിയപ്പോൾ, അവൻ വിചാരിച്ചിരുന്നതിനേക്കാൾ സ്ഥിതി മോശമായിരുന്നു, *കാരണം സാരെഫാത്തിലും ദൈവം വെള്ളം നിർത്തിയിരുന്നു* (വാക്യം 14 നോക്കുക)!

അവനെ പുലർത്തേണ്ടതിന് ദൈവം ഒരുക്കിയ വിധവയെ ആയിരുന്നു ആദ്യം അവൻ കണ്ടത്. അവൾ എന്തു ചെയ്യുകയായിരുന്നു? അവൾ തനിക്കും

തന്റെ മകനും അവസാനത്തെ ആഹാരം പാചകം ചെയ്യുവാൻ വിറകു പെറുക്കിക്കൊണ്ടിരിക്കയായിരുന്നു. ആ വിധവക്കു മറ്റൊന്നുമില്ലായിരുന്നു; അവൾ പട്ടിണിയുടെ വക്കിലായിരുന്നു! നമ്മുടെ വഴികൾ അല്ല ദൈവത്തിന്റെ വഴികൾ!

ശേഷം സംഭവം നിങ്ങൾക്ക് അറിയാമല്ലൊ. ഏലിയാവ് അൽപം കുടിപ്പാൻ ചോദിക്കുന്നു. അവൾ എടുക്കുവാൻ തിരിഞ്ഞപ്പോൾ അവൻ അപ്പവും ആവശ്യപ്പെട്ടു. അവളുടെ പരിതാപകരമായ അവസ്ഥ അവൾ വെളിപ്പെടുത്തിയപ്പോൾ, അവൾ അതു നൽകുകയാണെങ്കിൽ, ''യഹോവ ഭൂമിയിൽ മഴ പെയ്യിക്കുന്നതുവരെ അവളുടെ കലത്തിലെ മാവ് തീർന്നുപോകയോ, 'ഭരണിയിലെ എണ്ണ കുറഞ്ഞുപോകയോ ഇല്ല എന്നു യഹോവ അരുളിച്ചെയ്യുന്നു എന്നു പറഞ്ഞു' '' (വാക്യം 14). അത് അങ്ങനെ തന്നെ സംഭവിച്ചു.

ദൈവം എന്തിനാണ് സാരെഫാത്തിൽ വെള്ളം നിർത്തിയത്?

സംശയിക്കാനില്ല, ഇവ ആയിരിക്കും ചില കാരണങ്ങൾ: (1) കാരണം യിസ്രായേലിലെ കുഴപ്പം ആരംഭിക്കുന്നതു വടക്കുനിന്നാണ്, അനന്തരഫലവും അവർ അനുഭവിക്കേണ്ടതു യോഗ്യമായിരുന്നു. (2) തുടർന്നും ഏലിയാവ് പൂർണ്ണമായും യഹോവയിൽ ആശ്രയിക്കേണ്ടിയിരുന്നു. (3) യഹോവ സത്യദൈവമാണെന്ന് ഒരു സാധു വിധവയെ ബോധ്യപ്പെടുത്തുവാൻ.

## ഉപസംഹാരം

നമ്മുടെ ജീവിതത്തിൽ എന്തു സംഭവിച്ചാലും, ദൈവം നമ്മെ മറന്നിട്ടില്ല, ഉപേക്ഷിച്ചിട്ടില്ല എന്നു നാം തിരിച്ചറിയേണ്ടത് എത്ര അനിവാര്യമാണ്, എന്നാൽ അവൻ നമ്മെ ഇപ്പോഴും കരുതുകയും സംരക്ഷിക്കുകയും, നമുക്ക് വേണ്ടത് നൽകുകയും ചെയ്യും.

ചിലപ്പോൾ നാം യെശയ്യാവ് 49:14-ൽ പറയുന്നവരെ പോലെ ആയേക്കാം: ''യഹോവ എന്നെ ഉപേക്ഷിച്ചു, കർത്താവ് എന്നെ മറന്നുകളഞ്ഞു.'' അങ്ങനെയെങ്കിൽ, നാം അടുത്ത രണ്ടു വാക്യങ്ങൾ ശ്രദ്ധിച്ചു വായിക്കുക:

> ''ഒരു സ്ത്രീ തന്റെ കുഞ്ഞിനെ മറക്കുമോ? താൻ പ്രസവിച്ച മകനോട് കരുണ തോന്നാതിരിക്കുമോ? അവർ മറന്നുകളഞ്ഞാലും ഞാൻ നിന്നെ മറക്കയില്ല. ഇതാ ഞാൻ നിന്നെ എന്റെ ഉള്ളം കയ്യിൽ വരെച്ചിരിക്കുന്നു'' (വാക്യങ്ങൾ 15, 16).

അങ്ങനെയായിരിക്കാം, ''എന്റെ കയ്യിലെ രേഖ പോലെ എനിക്ക് അതറിയാം, ഇതറിയാം'' എന്ന പ്രയോഗം ലഭിച്ചത്. ദൈവം പറയുന്നു, ''എന്റെ ഉള്ളം കൈ പോലെ എനിക്ക് നിന്നെ അറിയാം. നീ എപ്പോഴും എന്റെ മനസിലുണ്ട്, ഞാൻ നിന്നെ ഒരിക്കലും മറക്കുകയില്ല!''

ഏലിയാവിന്റെ അനുഭവത്തിൽ നിന്നു നമുക്ക് പഠിക്കാവുന്ന ചില പാഠങ്ങൾ ഇതാ:

(1) നിങ്ങൾക്ക് മനസിലാകാത്ത സാഹചര്യത്തിലും ദൈവത്തെ അനുസരിക്കുക.

(2) നിങ്ങൾക്ക് മനസിലായില്ലെങ്കിലും ദൈവത്തിൽ ആശ്രയിക്കുക.

(3) നിങ്ങൾ ആഗ്രഹിക്കുന്നത് നിങ്ങൾക്ക് ഇല്ലെങ്കിലും, ഉള്ളതിന് ദൈവത്തിന് സ്തോത്രം ചെയ്യുക. നിങ്ങളുടെ ആവശ്യങ്ങൾ ദൈവത്തിന് അറിയാം,

തന്നെ സ്നേഹിക്കുന്നവർക്ക് ''സകലവും നന്മക്കായി വ്യാപരിപ്പിക്കുവാൻ ദൈവത്തിനു കഴിയും.'' (റോമർ 8:28).

### ദൃശ്യ-സഹായ കുറിപ്പുകൾ

ഒരു വലിയ കാർഡിൽ ''നമ്മുടെ വഴികൾ ദൈവത്തിന്റെ വഴികളല്ല'' എന്ന് അച്ചടിക്കുക. പാഠത്തിൽ ഈ പ്രയോഗം ആദ്യമായി ഉപയോഗിച്ചിരിക്കുന്നതു മുതൽ സന്നിഹിതരായിരിക്കുന്നവരെല്ലാം ഉറക്കെ വായിക്കുവാൻ പറയുകയും ചെയ്യുക. ആ ഭാഗം വരുമ്പോഴെല്ലാം, കാർഡിലുള്ള വാക്കുകൾ എല്ലാവരും ഉറക്കെ വായിക്കണമെന്ന് മുന്നറിയിക്കുകയും ചെയ്യുക. പാഠത്തിൽ ആ പ്രയോഗം വരുമ്പോഴെല്ലാം കാർഡ് ഉയർത്തി കാണിക്കുവാൻ ശ്രദ്ധിക്കുക. (ശ്രദ്ധിക്കുക: ആ കാർഡിന്റെ പുറകിൽ അതേ ചിന്ത ദൈവത്തിന്റെ വീക്ഷണത്തിൽ പറഞ്ഞിരിക്കുന്നത് ഏഴുതാം: ''യഹോവ അരുളിച്ചെയ്തിരിക്കുന്നു, 'എന്റെ വഴികൾ അല്ല നിങ്ങളുടെ വഴികൾ.' '')

---

കുറിപ്പുകൾ

[1]''അറബികൾ,'' ''വ്യാപാരികൾ'' എന്ന അർത്ഥം വരുന്ന ''റാവൻസ്'' എന്ന എബ്രായ വാക്ക് തർജ്ജിമ ചെയ്യണോ വേണ്ടയോ എന്ന കാര്യത്തെ സംമ്പന്ധിച്ച് വിപരീതാഭിപ്രായം ഉണ്ടായിട്ടുണ്ട്. എനിക്കറിയാവുന്നടത്തോളം, എല്ലാ തർജ്ജിമകളിലും ''റാവൻസ്'' എന്നാണ്. ഏലിയാവിന്റെ സംഭവത്തിലെ അത്ഭുത മുലകങ്ങളെ ഒരാൾ സ്വീകരിച്ചാൽ, തർജ്ജിമ ചെയ്ത വാക്ക് ''റാവൻസ്'' എന്നാണോ എന്ന് ചിന്തിക്കേണ്ട കാര്യമില്ല. [2]പകരം പ്രാദേശികമായി അറിയ - പ്പെടുന്ന ഒരു പാചകക്കാരനെ പറയുക. [3]വേദഭാഗത്തിൽ ''യോർദ്ദാനു മുമ്പിൽ.'' പഴയ നിയമത്തിൽ അതിന്റെ പൊതുവായ അർത്ഥം ''യോർദ്ദാനു കിഴക്ക്'' എന്നാണ്. സ്ഥലനിർണയം പണ്ഡിതന്മാർക്ക് യോജിക്കുവാൻ കഴിഞ്ഞിട്ടില്ല. ഒരു എഴുത്തുകാരൻ പറയുന്നത് ''ചാവു കടലിനു ഏതാനും മൈൽ വടക്കു'' ആയിട്ടും ''യോർദ്ദാനിൽ പടിഞ്ഞാറോട്ടു ഒഴുകുന്നതായിട്ടും'' എന്നാണ്.

---

### 1 രാജാക്കന്മാരിൽനിന്നുള്ള പാഠങ്ങൾ

ക്രിസ്ത്യാനിയായി തീർന്നാൽ അടുത്ത മുഖ്യതീരുമാനം അവൻ അല്ലെങ്കിൽ അവൾ ആരെ വിവാഹം കഴിക്കും എന്നതാണ്. ശലോമോൻ അന്യസ്ത്രീകളെ വിവാഹം ചെയ്തതും ആഹാബ് ഈസെബേലിനെ വിവാഹം ചെയ്തതും ചിന്തിക്കുക.

''വൃദ്ധന്മാരുടെ ആലോചന നിരസിക്കുകയും'' യുവാക്കളുടെ ആലോചന സ്വീകരിക്കയും ചെയ്ത രെഹോബെയാമിനെയും ചിന്തിക്കുക (12:8; 1 കൊരിന്ത്യർ 15:33).

ദൈവത്തിന്റെ കൽപനകൾ വൃഥാവാക്കി കളയുമ്പോൾ, തൽഫലമായി ഭിന്നത ഉടലെടുക്കുന്നു.

ഭോഷ്ക്കു വിശ്വസിക്കുകയും കൊല്ലപ്പെടുകയും ചെയ്ത ഒരു യുവ പ്രവാചകന്റെ സംഭവം ബൈബിളിലെ ദുഃഖ സംഭവങ്ങളിൽ ഒന്നാണ് (13). അവനു വേണ്ടി സംസാരിക്കുന്നു എന്നു പറയുന്നവർ മനസിലാക്കേണ്ടത് അതിന്റെ ഉത്തരവാദിത്തം നമുക്ക് തന്നെയാണ് എന്നതാണ് (1 യോഹന്നാൻ 4:1).

യോഹന്നാൻ സ്നാപകൻ ഏലിയാവിന്റെ ആത്മാവിൽ വന്നു (മലാ. 3:1–3;

മത്താ 17:10–13), മശിഹായ്ക്ക് വഴി ഒരുക്കി (യേശു).

---

**ആരാണ് വെള്ളം നിർത്തിയത്? (1 രാജാക്കന്മാർ 17:1-16)**

നിങ്ങളുടെ വീട്ടിൽ എപ്പോഴെങ്കിലും വെള്ളം നിന്നു പോയിട്ടുണ്ടോ? എങ്കിൽ നിങ്ങളിൽ രണ്ട് ചോദ്യങ്ങളുണ്ടായി കാണും: ''ആരാണ് വെള്ളം നിർത്തിയത്?'' ''എന്തിന്?'' 1 രാജാക്കന്മാർ 17:1–15 നാം പഠിക്കുമ്പോൾ ''ആരാണ് വെള്ളം നിർത്തിയത്?'' ''എന്തിന്?'' എന്ന് നാം ചോദിക്കും.

''എന്തുകൊണ്ട്?'' എന്ന ചോദ്യം നമ്മെ വിഷമിപ്പിക്കുന്നതാണ്. ''കർത്താവേ, ഞാൻ നന്നായിട്ടാണല്ലോ കാര്യങ്ങളെല്ലാം ചെയ്തുവന്നത്, പിന്നെ എന്തുകൊണ്ടാണ് എനിക്ക് ഈ മോശമായ കാര്യങ്ങൾ സംഭവിച്ചത്?'' ''എന്തുകൊണ്ട്?'' എന്ന ചോദ്യം നാം ചിന്തിക്കുമ്പോൾ യെശയ്യാവ് 55:8, 9 നാം ഓർമ്മിക്കണം. നാം മനുഉള്ളവരിൽ പ്രയോഗിക്കുമ്പോഴാണ് ആ വേദഭാഗത്തിലെ സത്യം നാം നന്നായി ചെയ്യുന്നത്. അത് നമ്മിൽ പ്രയോഗിക്കുവാൻ വിഷമമാണ്!

I. ദൈവം എന്തിനാണ് യിസ്രായേലിൽ വെള്ളം നിർത്തിയത് (17:1)?
   - ഏ. യിസ്രായേലിൽ മുൻപ് സംഭവിച്ചതിനെ നമുക്ക് അവലോകനം ചെയ്യാം.
     1. ചുറ്റുപാടുമുള്ള ദേശക്കാരുമായി വിവാഹബന്ധം അരുത് എന്ന ആവർത്തനപുസ്തകം 7:1–6 ലെ മുന്നറിയിപ്പ് നോക്കുക. അത് ശ്രദ്ധിച്ചില്ല. ആഹാബിന്റെ വശത്ത് ഈസെബേലായിരുന്നു.
     2. അവന്റെ ഭീഷണി നടപ്പാക്കുവാൻ ദൈവം എന്തു ചെയ്തു? അവൻ ഏലിയാവിനെ ആഹാബിന്റെ അടുക്കലേക്ക് അയച്ചു: 1 രാജാക്കന്മാർ 17:1. ''സംവൽസരങ്ങൾ'' എന്ന വാക്ക് ശ്രദ്ധിക്കുക; മൂന്നര-വർഷക്കാലം മഴ പെയ്തില്ല (ലൂക്കൊസ് 4:25; യാക്കൊബ് 5:17).
   - ബി. ദൈവം *എന്തിനാണ്* യിസ്രായേലിൽ വെള്ളം നിർത്തിയത്?
     1. മുന്നറിയിപ്പ് (ആവർത്ത. 7) തുടരുന്നു (ആവർത്ത 11:16, 17). മഴ പെയ്യാതിരിപ്പാൻ ഏലിയാവ് പ്രാർത്ഥിച്ചു (യാക്കൊ 5:17). ദൈവം ആവർത്തന പുസ്തകം 11–ൽ ചെയ്യുമെന്നു മുന്നറിയിച്ചതു ചെയ്യുമെന്ന വിശ്വാസത്തിലാണ് ഏലിയാവ് പ്രാർത്ഥിച്ചത്.
     2. ''എന്തുകൊണ്ട്?'' എന്ന ചോദ്യത്തിന് ദൈവം മറുപടി നൽകിയേക്കാം.
        - ഏ. ''ആളുകൾ എന്റെ വാക്കു കേൾക്കാതെ ശിക്ഷക്ക് യോഗ്യരായി.''
        - ബി. ''എന്റെ വിശ്വസ്ത ദാസനായ ഏലിയാവ് കാര്യമായി പ്രാർത്ഥിച്ചതുകൊണ്ട്.''
        - സി. ''ഞാൻ ദൈവമാണെന്നു കാണിപ്പാനും, എന്റെ ജനത്തിന്റെ തെറ്റായ വഴികൾ ബോധ്യപ്പെടുത്തി, മാനസാന്തരപ്പെട്ട് എന്റെ അടുക്കലേക്കു മടക്കി വരുത്തുവാനും.''

II. ദൈവം എന്തിനാണ് കെരുത്തു തോട്ടിലെ വെള്ളം നിർത്തിയത് (17:2–7).

ഏ. ആഹാബിനെ മുന്നറിയിച്ചശേഷം, ദൈവം തന്റെ രണ്ടാമത്ത നടപടിയിലേക്ക് നീങ്ങി.

1. ഒരു സമയത്ത് ഒരു പടി എന്ന രീതിയിൽ ചെയ്യുവാൻ ആഹാബിനോട് പറഞ്ഞു.
2. രണ്ടാമത്തെ പടി അപ്രതീക്ഷിതമായിരുന്നു: ''കെരീത്തു തോട്ടിനരികത്തു പോയി കാത്തിരിക്കുക'' (വാകൃങ്ങൾ 3, 4).
3. ദൈവം ചെയ്യുവാൻ പറഞ്ഞത് ഏലിയാവ് ചെയ്തു (വാകൃങ്ങൾ 5, 6).

ഏ. ''കെരീത്തു'' എന്നാൽ ''ഛേദിക്കൽ,'' അല്ലെങ്കിൽ ''വേർപെടൽ'' ഒരു വർഷത്തോളം, ഏലിയാവ്, എല്ലാ വരിൽനിന്നും ഛേദിക്കപ്പെട്ടു തോട്ടിനരികെ താമസിച്ചു.

ബി. ഈ സമയത്തെ പ്രവൃത്തിരാഹിത്യം ആഹാബിനെ വിഷമിപ്പിച്ചിരിക്കണം.

ബി. അപ്പോൾ ദൈവം കെരീത്തു തോട്ടിലെ വെള്ളം വററിച്ചു!

1. ദൈവം ആഗ്രഹിച്ച സ്ഥാനത്ത് ഏലിയാവ് എത്തി, എങ്കിലും അവിടെ വെള്ളം നിന്നുപോയി (വാക്യം 7).
2. ദൈവം *എന്തിനാണ്* കെരീത്തിലെ വെള്ളം നിർത്തിയത്?

ഏ. കാരണം ഏലിയാവ് പ്രാർത്ഥിച്ചു (വാക്യം 7; യാക്കോ. 5:17) ചിലപ്പോൾ നാം വിചാരിക്കുന്നതുപോ ലെയല്ല നമ്മുടെ പ്രാർ ത്ഥനക്കു മറുപടി ലഭിക്കുന്നത്.

ബി. അടുത്ത പടിക്ക് സമയമായതുകൊണ്ട്. നമ്മുടെ ജീവിതത്തിൽ നാം ദൈവത്തിന്റെ പദ്ധതിയിൽ ആശ്ര യിക്കേണ്ടതിന്.

III. ദൈവം എന്തിനാണ് സാരെഫാത്തിലെ വെള്ളം നിർത്തിയത് (17:8–16)?

ഏ. സാരെഫാത്തിലേക്ക് പോകുവാൻ ഏലിയാവിനോട് ദൈവം കൽ പ്പിച്ചു (വാകൃങ്ങൾ 8, 9).

1. സാരെഫാത്ത് ഫൊയ്നീക്യയിലെ ഒരു ചെറിയ കടൽ-തീര ടൗണായിരുന്നു, യിസ്രായേലിന് നേരെ വടക്ക്. അത് ഏലി യാവ് ആയിരുന്ന വരൾച്ച പ്രദേശത്തുനിന്ന് 75–100 മൈൽ വടക്കുപടിഞ്ഞാറായിരുന്നു. ഏലിയാവിന് അപ്പോഴും താഴ്ന്ന അവസ്ഥയിൽ തന്നെ കഴിയേണ്ടിയിരുന്നു. അവിടെ അവൻ ഒരു വിധവയോടൊപ്പം പാർക്കണമായിരുന്നു.
2. ഏലിയാവ് അതിനോട് എങ്ങനെ പ്രതികരിച്ചു? ''അവൻ പു റപ്പെട്ടു പോയി.''

ബി. ഏലിയാവ് അവിടെ എത്തിയപ്പോഴേക്കും, അവിടെയും വെള്ളം വററിയിരുന്നു!

1. അവനെ പുലർത്തേണ്ടിയിരുന്ന വിധവ പട്ടിണികൊണ്ട് മരി ക്കാറായിരുന്നു!
2. ദൈവം *എന്തിനാണ്* സാരെഫാത്തിലെ വെള്ളം നിർത്തിയത്?

ഏ. യിസ്രായേലിലെ കുഴപ്പം വടക്കുനിന്നാണ് വന്നത്; അതുകൊണ്ട് അനന്തരഫലം അവരും അനുഭവിക്കണം.

ബി. ഏലിയാവ് തുടർന്നും ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുവാൻ.

സി. യഹോവ സത്യദൈവമാണെന്ന് സാധുവായ വിധവയെ ബോധ്യപ്പെടുത്തുവാൻ.

ഉപസംഹാരം

ഏ. ജീവിതത്തിൽ എന്തു സംഭവിച്ചാലും, ദൈവം നമ്മെ മറന്നിട്ടില്ല എന്നും, അവൻ നമ്മെ കരുതുകയും നമുക്ക് ആവശ്യമുള്ളതു നൽകുകയും ചെയ്യുമെന്നത് നമ്മെ സംബന്ധിച്ച് പ്രധാനപ്പെട്ട കാര്യമാണ് (യെശയ്യാവ് 49:14–16)!

ബി. 1 രാജാക്കന്മാർ 17:1–15 ലെ ചില വലിയ പാഠങ്ങൾ ഇതാ:

1. നിങ്ങൾക്ക് മനസിലായില്ലെങ്കിലും, ദൈവത്തെ അനുസരിക്കുക.
2. നിങ്ങൾക്ക് തിരിച്ചറിയാൻ കഴിയുന്നില്ലെങ്കിലും ദൈവത്തിൽ ആശ്രയിക്കുക.
3. നിങ്ങളാഗ്രഹിക്കുന്നത് നിങ്ങൾക്കില്ലെങ്കിലും നിങ്ങൾക്കുള്ളതിന് ദൈവത്തോട് നന്ദിയുള്ളവരായിരിക്കുക.